പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 416 29/06/2016-ൽ മറുപടിക്ക്

# വാമനപുരത്ത് പുതിയ കെ.എസ്.ഇ.ബി ഓഫീസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡി.കെ.മുരളി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലമ്പാറ, കല്ലറ, പാങ്ങോട് പഞ്ചായത്തുകളിൽ ഓരോ പുതിയ കെ.എസ്.ഇ.ബി ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (എ) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000 ൽ അധികം ആവുകകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ചുള്ളിമാനൂർ, വെഞ്ഞാറമ്മൂട് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുല്ലമ്പാറ പഞ്ചായത്തിലെ തേമ്പാമൂട് ആസ്ഥാനമായും നിലവിലുള്ള കല്ലറ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാങ്ങോട് പഞ്ചായത്തിലും സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ